2023
MARCH
01
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സ്വർണാഭരണങ്ങളിൽ ഹാൾമാർക്ക്; മൂന്നു മാസം കൂടി സാവകാശം



**കൊച്ചി :** സ്വർണാഭരണങ്ങളിൽ പുതിയ ഹാൾമാർക്ക് പതിപ്പിക്കുന്നതിന് മൂന്നുമാസം കൂടി സമയം അനുവദിച്ചു ഹൈക്കോടതി ഉത്തരവായി.

ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചൻറ്സ് അസോസിയേഷൻ നൽകിയ ഹർജിയിലാണ് ഉത്തരവ്.

ഹാൾമാർക്ക് പതിപ്പിക്കാൻ കൂടുതൽ സമയം വേണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. ഈ സാഹചര്യത്തിലാണു പഴയ സ്വർണത്തിലുൾപ്പെടെ എച്ച്യുഐഡി പതിപ്പിക്കുന്നതിനു കോടതി സമയം അനുവദിച്ചത്. നിലവിലെ മുദ്ര മായ്ച്ചുകളഞ്ഞ് പുതിയതു പതിപ്പിക്കുമ്ബോൾ ഓരോ ആഭരണത്തിലും രണ്ടു മുതൽ അഞ്ചു മില്ലിഗ്രാം വരെ സ്വർണത്തിൻറെ നഷ്ടമുണ്ടാകുന്നുണ്ടെന്ന് ഹർജിയിൽ ആരോപിച്ചിരുന്നു.

## കൊച്ചി കപ്പൽശാല മിസൈൽ വാഹക കപ്പലുകൾ നിർമിക്കും

**കൊച്ചി:** 9805 കോടി ചെലവിൽ ആറ് പുതുതലമുറ മിസൈൽ വാഹക കപ്പലുകൾ (എൻ.ജി.എം.വി) നിർമിക്കാൻ കൊച്ചിൻ ഷിപ്യാർഡും നാവികസേനയും തമ്മിൽ കരാറിൽ ഒപ്പുവെച്ചു. സ്റ്റെൽത്ത്, ഹൈസ്പീഡ്, ആക്രമണശേഷി എന്നിവ ഉൾക്കൊള്ളുന്ന യുദ്ധക്കപ്പലുകളായിരിക്കും എൻ.ജി.എം.വികൾ. ശത്രു യുദ്ധക്കപ്പലുകൾ, കച്ചവട സ്ഥാപനങ്ങൾ, കരലക്ഷ്യങ്ങൾ എന്നിവക്കെതിരെ ആക്രമണശേഷി നൽകാനും കപ്പലുകൾക്കാകും.

# സംസ്ഥാനത്തെ കെട്ടിട നിർമാണ പെർമിറ്റ് ഫീസ് കുത്തനെ കൂട്ടി



**തിരുവനന്തപുരം:** സംസ്ഥാനത്തെ കെട്ടിട നിർമാണ പെർമിറ്റ് ഫീസ് കുത്തനെ വർധിപ്പിച്ചു. നിർമാണ പെർമീറ്റ് ഫീസിനു പുറമേ അപേക്ഷാ ഫീസ്, സ്ക്രൂട്ട്നി ഫീസ് എന്നിവയും കൂട്ടിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സംസ്ഥാന തദ്ദേശ വകുപ്പ് ഉത്തരവിറക്കി. പുതിയ നിരക്ക് ഏപ്രിൽ 10ന് പ്രാബല്യത്തിൽ വരുമെന്ന് ഉത്തരവിൽ പറയുന്നു.

ഗ്രാമപഞ്ചായത്തിനു കീഴിൽ 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 300 രൂപയാണ് അപേക്ഷാഫീസ്. 300 ചതുരശ്ര മീറ്റർ വരെ 1000 രൂപയും 300 ചതുരശ്ര മീറ്ററിനു മുകളിൽ 3000 രൂപയുമാണ്. മുനിസിപ്പാലിറ്റിയിൽ യഥാക്രമം 300, 1000, 4000 എന്നിങ്ങനെയും കോർപറേഷനിൽ 300, 1000, 5000 രൂപ എന്നിങ്ങനെയുമാണ് പുതുക്കിയ ഫീസ്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കെട്ടിട നിർമാണ പെർമിറ്റ് ഫീസ് കുറവാണെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിരക്കുവർധന. കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 300 ചതുരശ്ര മീറ്റർ വരെയുള്ള ചെറുകിട നിർമാണങ്ങൾക്ക് അപേക്ഷിച്ചാലുടൻതന്നെ കെട്ടിട നിർമാണ പെർമിറ്റ് ലഭ്യമാകും.

## ഇന്നുമുതൽ ഹെൽത്ത് കാർഡ് നിർബന്ധം; കർശന പരിശോധന

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നുമുതൽ ഹെൽത്ത് കാർഡ് നിർബന്ധമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഭക്ഷ്യ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അഭ്യർഥന മാനിച്ച് നിരവധി തവണ ഹെൽത്ത് കാർഡെടുക്കാൻ സാവകാശം നൽകിയിരുന്നു. കാരുണ്യ ഫാർമസികൾ വഴി വളരെ കുറഞ്ഞ വിലയിൽ ടൈഫോയ്ഡ് വാക്സീൻ ലഭ്യമാക്കി. ഇനി കർശനമായ പരിശോധന തുടരും. ഹോട്ടലുകൾ, റസ്റ്ററന്റുകൾ തുടങ്ങി എല്ലാ ഭക്ഷ്യ സ്ഥാപനങ്ങളും ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

മന്ത്രി വീണാ ജോർജിന്റെ ഇടപെടലിനെ തുടർന്ന് പൊതുവിപണിയിൽ 350 രൂപ മുതൽ 2000 രൂപയ്ക്ക് മുകളിൽ വരെ വിലയുള്ള ടൈഫോയ്ഡ് വാക്സീൻ കാരുണ്യ ഫാർമസികൾ വഴി 95.52 രൂപയിലാണ് കെഎംഎസ്സിഎൽ ലഭ്യമാക്കിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ പരാതികൾ നേരിട്ടറിയിക്കാൻ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് ഗ്രിവൻസ് പോർട്ടൽ സജ്ജമാക്കി. പരാതിയിന്മേൽ എടുത്ത നടപടികളും ഇതിലൂടെ അറിയാൻ സാധിക്കും.

പരാതി സംബന്ധിച്ച ഫോട്ടോയും വിഡിയോയും അപ്ലോഡ് ചെയ്യാനുമാകും. ഈ പോർട്ടൽ വഴി ഇതുവരെ 108 പരാതികളാണ് ലഭ്യമായത്. ഇതിൽ 30 പരാതികളിൽ നടപടിയെടുത്തു. അടുത്തിടെ കിട്ടിയ ബാക്കി പരാതികളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ പരിശോധനകൾ ശക്തമായി നടക്കുന്നുണ്ട്. വ്യാഴാഴ്ച മാത്രം 205 പരിശോധനകളാണ് സ്പെഷൽ സ്ക്വാഡ് നടത്തിയത്. 21 സ്ഥാപനങ്ങൾക്ക് നോട്ടിസ് നൽകി.



## വിഴിഞ്ഞം തുറമുഖം: അദാനി ഗ്രൂപ്പിന് 100 കോടി രൂപ നൽകി സർക്കാർ

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ നിർമാണത്തിനായി അദാനി ഗ്രൂപ്പിന് സർക്കാർ 100 കോടി രൂപ നൽകി. കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്ന് (കെഎഫ്സി) വായ്പയെടുത്താണ് പണം നൽകിയത്. പുലിമുട്ട് നിർമാണത്തിന് സർക്കാർ നൽകേണ്ട 347.5 കോടിയുടെ വിഹിതമാണിത്. ബാക്കി തുക വായ്പയെടുക്കാൻ ശ്രമം തുടരുന്നു.

കെഎഫ്സിയിൽനിന്ന് 9.28 ശതമാനം പലിശയ്ക്കാണ് സർക്കാർ നൂറു കോടി രൂപ എടുത്തിരിക്കുന്നത്. വൈകിട്ടോടെയാണ് ഈ തുക കൈമാറിയത്. പുലിമുട്ടിന്റെ 30 ശതമാനം പണി പൂർത്തിയായ സാഹചര്യത്തിലാണ് സർക്കാർ നൽകേണ്ട വിഹിതത്തിന്റെ 25 ശതമാനം നൽകണമെന്ന് ആവശ്യപ്പെട്ട് അദാനി ഗ്രൂപ്പ് കത്തയച്ചത്.

കത്ത് അയച്ചിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി ഇല്ലാത്തതിനാൽ അത് ഓർമിപ്പിക്കുന്നതിനായി അദാനി ഗ്രൂപ്പ് ഒരു കത്തു കൂടി അയച്ചിരുന്നു.

മാർച്ച് 12ന് ഈ തുക കുടിശികയായി. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് അതിൽ ഒരു ഗഡുവെങ്കിലും അദാനി ഗ്രൂപ്പിന് നൽകണമെന്നത് തുറമുഖ വകുപ്പ് തീരുമാനിക്കുകയായിരുന്നു.

ഇല്ലെങ്കിൽ അവർ കേസിന് പോകുന്ന സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് ആ ഗഡു എന്ന നിലയിലാണ് 100 കോടി രൂപ ഇപ്പോൾ കൈമാറുന്നത്.

ഇതിൽ ബാക്കിയുള്ള 247.5 കോടി രൂപ കണ്ടെത്തുന്നതിനുള്ള ശ്രമം തുടരുകയാണ്






# കേരള സർവകലാശാല ബജറ്റ്: ഓൺലൈൻ മൂല്യനിർണയം നടപ്പാക്കും

**തിരുവനന്തപുരം:** പരീക്ഷാഫലം വേഗത്തിലാക്കാൻ ഓൺലൈൻ മൂല്യനിർണയം നടപ്പാക്കുമെന്ന് കേരള സർവകലാശാല ബജറ്റിൽ പ്രഖ്യാപനം. സർവകലാശാലയെ ആഗോള മികവിന് സജ്ജമാക്കാൻ ഇതര സ്ഥാപനങ്ങളുമായി കൈകോർക്കുന്നതിന് അരക്കോടി. നൃത്ത നൃത്ത നാട്യ മേഖലകളിൽ ഗവേഷണത്തിനും പരിശീലനത്തിനുമായി കാര്യവട്ടം ക്യാംപസിൽ നൃത്ത വിദ്യാലയം തുടങ്ങും. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തി. കാര്യവട്ടം ക്യാംപസിൽ നീന്തൽക്കുളം ഉൾപ്പെടെയുള്ള അക്വാറ്റിക് കോംപ്ലക്സ് സ്ഥാപിക്കാൻ അരക്കോടി ചെലവഴിക്കും.

സർവകലാശാല ഫിനാൻസ് കമ്മിറ്റി കൺവീനർ കെ.എച്ച്. ബാബുജാനാണ് ബജറ്റ് അവതരിപ്പിച്ചത്. ഓൺലൈൻ മൂല്യനിർണയത്തിന് ഉത്തരക്കടലാസുകൾ സ്കാൻ ചെയ്യുന്നതിന് സ്കാനിങ് സെന്റർ തുടങ്ങാൻ 25 ലക്ഷം രൂപ നീക്കി വച്ചു. ഇതു നടപ്പായാൽ വിദ്യാർഥികൾക്ക് എൻറോൾമെന്റ് മുതൽ പ്രൊവിഷനൽ സർട്ടിഫിക്കറ്റ് വരെയുള്ള സേവനങ്ങൾ പൂർണമായും ഓൺലൈനിൽ ലഭ്യമാകും.

810.13 കോടി രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചത്. ഈ സാമ്പത്തിക വർഷം പദ്ധതിയിതര ഗ്രാന്റ് ഇനത്തിൽ 398 കോടി രൂപയും ആഭ്യന്തര വരുമാന ഇനത്തിൽ 186.17 കോടി രൂപയും ചേർത്ത് ആകെ 584.17 കോടി രൂപയുടെ വരവാണ് പ്രതീക്ഷിക്കുന്നത്. ബജറ്റ് അവതരണ സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രഫ. മോഹനൻ കുന്നുമ്മൽ അധ്യക്ഷനായിരുന്നു.

പഠനവകുപ്പുകളിലും കാര്യവട്ടം സെൻട്രൽ ലബോറട്ടറി ഫോർ ഇൻസ്ട്രമന്റേഷനിലും കാലിക പ്രാധാന്യമുള്ള കോഴ്സുകൾ റഗുലർ/ഈവനിങ്/വീക്കെൻഡ് സംവിധാനത്തിൽ ക്രെഡിറ്റ് ആനുപാതികമായി നിശ്ചയിച്ച് ഓൺലൈൻ/ഓഫ്!ലൈൻ രീതിയിൽ നടത്തും. ഇന്റർനാഷനൽ സെന്ററുകളിൽ ഡിഗ്രിയും പോസ്റ്റ് ഗ്രാജ്വേഷനും ചേർന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ തുടങ്ങാനും അനുമതി. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് കൊച്ചി പ്രദേശത്തെ വെള്ളത്തിനും മറ്റു പ്രകൃതി വിഭവങ്ങൾക്കും ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർവകലാശാലയുടെ ജിയോളജി പഠന വകുപ്പ് പദ്ധതി തയാറാക്കി. ശ്രീനാരായണ ദർശനത്തിന്റെ സമഗ്രപഠനത്തിന് ഡിപ്ലോമ കോഴ്സുകൾ നടത്തും.

## സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി

# ജർമൻ ബാങ്ക് നൽകിയ തുക വകമാറ്റി



**പത്തനംതിട്ട :** സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ റോഡ് നിർമാണത്തിനായി ജർമൻ ബാങ്ക് നൽകിയ തുക വകമാറ്റി ചെലവഴിച്ചതു കാരണം ബില്ലുകൾ മാറി കിട്ടാത്തതിനാൽ കെഎസ്ടിപി ഏറ്റെടുത്ത ജില്ലയിലെ 5 റോഡുകളുടെ നിർമാണം ഇഴയുന്നു.പത്തനംതിട്ട കടമ്മനിട്ട അയിരൂർ (11 കിലോ മീറ്റർ), മുട്ടുകുടുക്ക ഇല്ലത്തുപടി ( 2 കിലോ മീറ്റർ), പ്രക്കാനം മുട്ടുകുടുക്ക (3 കിലോ മീറ്റർ), ഇലവുംതിട്ട പ്രക്കാനം (2.5 കിലോ മീറ്റർ), കുളനടരാമഞ്ചിറ (3.5 കിലോ മീറ്റർ) എന്നീ റോഡുകളാണ് ജർമൻ ബാങ്കിന്റെ സഹായത്തോടെ കെഎസ്ടിപി ഏറ്റെടുത്ത് നിർമാണം നടത്തുന്നത്.

ഇതിന്റെ പണികൾ തുടങ്ങിയിട്ട് ഒരു വർഷത്തിൽ കൂടുതലായി. എല്ലാ റോഡിലും പണി തുടങ്ങി, എന്നാൽ ഒന്നും പൂർത്തിയാക്കിയില്ല. കരാറുകാരൻ നൽകിയ ബില്ലുകൾ ഒന്നും മാറി നൽകിയിട്ടില്ല. അതിനാൽ പണമില്ലാതെ പണി മുന്നോട്ടു നീങ്ങുന്നില്ല.ട്രഷറികളിൽ കരാറുകാരുടെ ബില്ലുകൾ മാറുന്നതിനു സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തിയാക്കുന്നതിനായി ശ്രമങ്ങൾ നടക്കുന്നതിനിടെയാണ് ബില്ലുകൾ മാറി കിട്ടാത്തതുമൂലമുള്ള പ്രതിസന്ധി ഉണ്ടായത്.

ഏറ്റവും കൂടുതൽ തിരക്കുള്ള പത്തനംതിട്ടകടമ്മനിട്ട അയിരൂർ റോഡിൽ 30 ശതമാനം പണികൾ മാത്രമാണ് തീർന്നത്. റിങ് റോഡിൽ മേലേവെട്ടിപ്രം മുതൽ കടമ്മനിട്ട വരെയുള്ള ഭാഗത്തെ ആദ്യഘട്ടം ടാറിങ് കഴിഞ്ഞു. ഓടയുടെ പണി പലയിടത്തും തീരാനുണ്ട്. കടമ്മനിട്ട ജംക്ഷനിൽ നിന്നു കണമുക്കിനേക്ക് ഉള്ള വഴിയിലും പണി ഇഴഞ്ഞു നീങ്ങുന്നു. നഗരത്തിൽ മുസ്‌ലിം പള്ളിപടി മുതൽ മേലേ വെട്ടിപ്രം ജംക്ഷൻ വരെയുള്ള ഭാഗത്താണ് കാര്യമായി പണികൾ നടക്കാത്തത്.

പ്രസ് ക്ലബ്ബിനു മുൻപിലൂടെയുള്ള റോഡാണിത്. കുറച്ചു ഭാഗത്ത് ഓട നിർമിച്ചു. മേലേവെട്ടിപ്രം ഭാഗത്ത് പലയിടത്തും ഓട പണിയാനുള്ള കോൺക്രീറ്റ് സ്ലാബുകൾ ഇറക്കിയിട്ട് 6 മാസത്തിൽ കൂടുതലായി. പണി തുടങ്ങിയിട്ടില്ല. മുട്ടുകുടുക്ക ഇല്ലത്ത്പടി, ഇലവുംതിട്ട പ്രക്കാനം, മുട്ടുകുടുക്ക പ്രക്കാനം എന്നീ റോഡുകളുടെയും ആദ്യത്തെ ബിഎം ടാറിങ് മാത്രമാണ് തീർന്നത്. രണ്ടാംഘട്ട ടാറിങ് തുടങ്ങിയിട്ടില്ല.

## പട്ടികജാതി വിദ്യാർഥികൾക്ക് സൗജന്യ പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ കെൽട്രോൺ നടത്തുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് എസ്.എസ്.എൽ.സി/പ്ലസ്ടു/ഡിഗ്രി കഴിഞ്ഞ പട്ടികജാതി വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററുകളിലാണു പരിശീലനം. മൂന്നു മുതൽ ആറുമാസം വരെ ദൈർഘ്യമുള്ള സൗജന്യ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

നിബന്ധനകൾക്ക് വിധേയമായി പ്രതിമാസ സ്റ്റൈപന്റും നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ തൊഴിൽ സജ്ജരാക്കുന്നതിനോടൊപ്പം പ്ലേസ്മെന്റ് അസിസ്റ്റന്റും, കെൽട്രോൺ സർട്ടിഫിക്കറ്റും നൽകും.

താത്പര്യമുള്ളവർ കെൽട്രോൺ നോളജ് സെന്റർ, സിറിയൻ ചർച്ച് റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളും, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും ആധാർ കോപ്പിയും, ഫോട്ടോയും സഹിതം ഏപ്രിൽ 29നകം അപേക്ഷിക്കണം. ഫോൺ: 7356789991/8714269861.

# വേനൽച്ചൂടേറുന്നു; അണക്കെട്ടുകൾ വരളുന്നു

**തെന്മല:** കേരള അതിർത്തിയായ തമിഴ്നാട് തെങ്കാശി ജില്ലയിലെ അണക്കെട്ടുകൾ വരൾച്ചയുടെ പിടിയിൽ; കാർഷിക ആവശ്യത്തിന് ജലമില്ലാതെ കർഷകർ വലയുന്നു.അണക്കെട്ടുകളിൽ നിന്നുള്ള ജലമാണ് തെങ്കാശി ജില്ലയിലെ കാർഷിക മേഖല ഉപയോഗിച്ചു വരുന്നത്. ജില്ലയിൽ 5 പ്രധാന അണക്കെട്ടുകളാണ് ഉള്ളത്.

ഈ അണക്കെട്ടുകളിൽ നിന്നും ഒഴുക്കി വിടുന്ന ജലം കുളങ്ങളിൽ ശേഖരിച്ചാണ് കൃഷിക്ക് ഉപയോഗിച്ചു വരുന്നത്. അണക്കെട്ട് വരണ്ടതോടെ കർഷകരും പ്രതിസന്ധിയിലായി.

കാലം തെറ്റിയെത്തുന്ന മഴയെ ആശ്രയിച്ച് കൃഷി ഇറക്കാൻ സാധിക്കുന്നില്ലെന്നാണ് കർഷകർ പറയുന്നത്. അണക്കെട്ടുകൾ വരണ്ടതോടെ വലിയ കിണറുകളിൽ നിന്നും മോട്ടോർ ഉപയോഗിച്ചാണ് കൃഷി സ്ഥലത്തേക്ക് ജലം എത്തിക്കുന്നത്.





കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യ ടീ ബോർഡ് ഹൈദരാബാദിൽ സംഘടിപ്പിച്ച ടീ ചാംപ്യൻഷിപ്പിലെ വിജയികൾക്ക് കേന്ദ്ര ടൂറിസം മന്ത്രി ജി.കിഷൻ റെഡ്ഡി സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. ടീ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഫൽഗുനി ബാനർജി, ഹൈബിസ് ഗ്രൂപ്പ് എം.ഡി എം.രാജ്ഗോപാൽ, സി.ഇ.ഒ സന്ധ്യാറാണി, നിൽഗിരി ടീ എംപോറം മാനേജിംഗ് പാർട്ണർ ധർവേശ് അനീസ് അഹമ്മദ് തുടങ്ങിയവർ സമീപം.

# ഇന്ത്യ ടീ ബോർഡ് ടീ ചാംപ്യൻഷിപ്പ് സംഘടിപ്പിച്ചു

**കൊച്ചി :** കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യ ടീ ബോർഡ് സംഘടിപ്പിച്ച ടീ ചാംപ്യൻഷിപ്പിൽ മികച്ച ചായ ഒരുക്കി ഹൈദരാബാദ് സ്വദേശിനി പ്രഭ ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ കരസ്ഥമാക്കി.

ഹൈദരാബാദിലെ നോവോടെലിലെ എച്ച് ഐസിസിയിൽ ഒരുക്കിയ ടീ ചാംപ്യൻഷിപ്പിന്റെ രണ്ടാം പതിപ്പിൽ 200 ലധികം വനിതകളാണ് പങ്കെടുത്ത് . രണ്ടാം സമ്മാനമായ 50,000 രൂപ പൊട്‌ലൂരി മാധവി കരസ്ഥമാക്കിയപ്പോൾ മൂന്നാം സമ്മാനമായ 25,000 രൂപ സീതം രജു നാഗ കമല നേടി. മൽസരത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച അഞ്ച് പേർ 10,000 രൂപ വീതം പ്രോൽസാഹന സമ്മാനവും നേടി. കേന്ദ്ര ടൂറിസം മന്ത്രി ജി.കിഷൻ റെഡ്ഡി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

ചായ കുടിച്ചുകൊണ്ടാണ് നമ്മളിൽ പലരുടെയും ദിവസം ആരംഭിക്കുന്നതെന്നും നിത്യ ജീവിതത്തിൽ നേരിടുന്ന സമ്മർദ്ദങ്ങളെ അതിജീവിക്കാൻ ചായ നല്ലൊരു ഉപാധിയാണെന്നും കേന്ദ്ര മന്ത്രി ജി.കിഷൻ റെഡ്ഡി പറഞ്ഞു.

ടീ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഫൽഗുനി ബാനർജി, ഹൈബിസ് ഗ്രൂപ്പ് എം.ഡി എം.രാജ്ഗോപാൽ, സി.ഇ.ഒ സന്ധ്യാറാണി, നിൽഗിരി ടീ എംപോറം മാനേജിംഗ് പാർട്ണർ ധർവേശ് അനീസ് അഹമ്മദ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# ബോഡിനായ്ക്കന്നൂർ റെയിൽവേ: അവസാന ട്രയൽ റൺ വിജയം

**രാജകുമാരി:** ബോഡിനായ്ക്കന്നൂരിലേക്ക് ട്രെയിൻ സർവീസ് ആരംഭിക്കുന്നതിനു മുന്നോടിയായി അവസാനത്തെ ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി.! !തേനി സ്റ്റേഷനിൽ നിന്നു റെയിൽവേ ജീവനക്കാരെയും വഹിച്ചാണ് 3 കോച്ചുകളുള്ള ട്രെയിൻ ബോഡിനായ്ക്കന്നൂർ സ്റ്റേഷനിലെത്തിയത്. തേനി മുതൽ ബോഡിനായ്ക്കന്നൂർ സ്റ്റേഷൻ വരെയുള്ള 17 കിലോമീറ്റർ ബ്രോഡ്ഗേജ് പാതയുടെ ശേഷി പരിശോധിക്കുന്നതിനായാണ് റെയിൽവേ സൗത്ത് സോൺ സുരക്ഷാ കമ്മിഷണറുടെ മേൽനോട്ടത്തിൽ ട്രയൽ റൺ നടത്തിയത്.




ബോഡിനായ്ക്കന്നൂർ സ്റ്റേഷനിൽ വച്ച് നാട്ടുകാർക്ക് ട്രെയിനിന്റെ അകത്തു കയറി കാണുന്നതിന് അവസരം നൽകി. കഴിഞ്ഞ മേയ് മുതൽ! ചെന്നൈയിൽ നിന്നു മധുര വഴി തേനിയിലേക്ക് പാസഞ്ചർ ട്രെയിൻ സർവീസ് നടത്തുന്നുണ്ട്. ഇത് ബോഡിനായ്ക്കന്നൂർ സ്റ്റേഷൻ വരെ ദീർഘിപ്പിച്ച് ഉടൻ അന്തിമ വിജ്ഞാപനമിറങ്ങുമെന്ന് റെയിൽവേ അധികൃതർ വ്യക്തമാക്കി. അതിനു ശേഷം ട്രെയിൻ സർവീസ് ആരംഭിക്കും. പല ഘട്ടമായാണ് ബോഡിനായ്ക്കന്നൂർ വരെയുള്ള ബ്രോഡ്ഗേജ് പാതയുടെ നിർമാണം പൂർത്തിയാക്കിയത്.

23 ചെറിയ പാലങ്ങളും 3 പ്രധാന പാലങ്ങളും നിർമിച്ചു. 13 വർഷം മുൻപ് ബോഡിനായ്ക്കന്നൂർ വരെയുള്ള മീറ്റർഗേജ് പാതയിൽ ഗുഡ്സ് ട്രെയിൻ സർവീസ് നടത്തിയിരുന്നു. ഇടുക്കിയുടെ ഏറ്റവും അടുത്തുള്ള റെയിൽവേ സ്റ്റേഷനായ ബോഡിനായ്ക്കന്നൂരിലേക്ക് വീണ്ടും ട്രെയിൻ സർവീസ് ആരംഭിക്കുന്നത് മലയോരത്തിന് ഏറെ പ്രതീക്ഷ നൽകുന്നു. പൂപ്പാറയിൽ നിന്നു 40 കിലോമീറ്റർ സഞ്ചരിച്ചാൽ ബോഡിനായ്ക്കന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്താം.

ഇവിടെ നിന്നു ചെന്നൈയിലേക്ക് നേരിട്ട് ട്രെയിൻ സർവീസ് ഉണ്ടാകുമെന്നാണ് റെയിൽവേ അധികൃതർ വ്യക്തമാക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വിനോദസഞ്ചാരികൾക്ക് ചെന്നൈ, മധുര, തേനി വഴി ബോഡിനായ്ക്കന്നൂരിലും അവിടെ നിന്ന് എളുപ്പത്തിൽ മൂന്നാർ ഉൾപ്പെടെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തിച്ചേരാൻ കഴിയും.

ബോഡിനായ്ക്കന്നൂരിലേക്കുള്ള റെയിൽപാത വികസനം ജില്ലയിലെ സുഗന്ധവ്യഞ്ജന ചരക്കുനീക്കത്തിനും ഗുണകരമാകും. ബോഡിനായ്ക്കന്നൂരിൽ പാസഞ്ചർ ട്രെയിൻ എത്തുന്നതോടെ തമിഴ്നാട്, കർണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള ശബരിമല തീർഥാടകർക്കും ഇടുക്കി ജില്ലയിൽ നിന്ന് മധുര, വേളാങ്കണ്ണി, രാമേശ്വരം, പഴനി, തിരുപ്പതി തുടങ്ങിയ തീർഥാടന കേന്ദ്രങ്ങളിലേക്കു പോകുന്നവർക്കും യാത്ര എളുപ്പമാകും.

# പുത്തൂർ സുവോളജിക്കൽ പാർക്ക് ഈ വർഷം യാഥാർത്ഥ്യമാകും

**പുത്തൂർ:** ഏഷ്യയിലെ ഏറ്റവും വലുതും ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ മൃഗശാലയുമായ തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് ഈ വർഷം അവസാനത്തോടെ പ്രവർത്തന സജ്ജമാകുമെന്ന് റവന്യു മന്ത്രി കെ രാജൻ. നിർമാണം പുരോഗമിക്കുന്ന പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

നിലവിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മെയ് പകുതിയോടെ ബയോഡൈവേഴ്സിറ്റി പാർക്ക് കൂടി പൂർത്തീകരിക്കും. സിംഹം, പുലി, കടുവ, സസ്തനികൾ, പക്ഷികൾ, ഉരഗങ്ങൾ ഉഭയജീവികൾ ഉൾപ്പെടെ 64 ഇനങ്ങളിലായി 511 ജീവികളെയും അപൂർവ്വയിനം പക്ഷിമൃഗാദികളെയും തൃശ്ശൂർ മൃഗസംരക്ഷണ കേന്ദ്രത്തിൽ നിന്നും പുത്തൂർ സുവോളജിക്കൽ പാർക്കിലെത്തിക്കാൻ ലക്ഷ്യമിടുന്നുണ്ട്. സിംഹവാലൻ കുരങ്ങ്, കാട്ടുപോത്ത് എന്നിവയെ തിരുവനന്തപുരം മൃഗസംരക്ഷണ കേന്ദ്രത്തിൽ നിന്നും എത്തിക്കും.269 കോടി രൂപ കിഫ്ബിയുടെ ധനസഹായമാണ്. വനത്തിന്റെ സ്വാഭാവികത നിലനിർത്തിക്കൊണ്ട് 24ഓളം ആവാസ ഇടങ്ങളിൽ 8 ആവാസ വ്യവസ്ഥകളാണ് നിർമ്മിച്ചിരിക്കുന്നത്. പ്രതിവർഷം 30 ലക്ഷം പേർ പാർക്കിൽ വന്നു പോകുമെന്നാണ് കരുതുന്നത്.

സീബ്ര, ജിറാഫ്, ആഫ്രിക്കൻ മാനുകൾ, അനാക്കോണ്ട എന്നിവയെ പുറം രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്ത് നിന്നും രണ്ട് തരം കരടികളെയും ഏജൻസികൾ മുഖാന്തരവും എത്തിക്കാൻ ലക്ഷ്യമിടുന്നുണ്ട്. മൃഗങ്ങളുടെ ഷിഫ്റ്റിംഗ് പ്രക്രിയ ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കും.



## അഴകിയകാവ് ക്ഷേത്രഭൂമി തർക്കം

# ഹൈക്കോടതി വിധി നടപ്പാക്കാത്തത് കോടതിയലക്ഷ്യം: ഡി എസ് ജെ പി

**കൊച്ചി:** പള്ളുരുത്തി അഴകിയകാവ് ക്ഷേത്രത്തിന്റെ 9.41 ഏക്കർ ഭൂമി റെവന്യൂ പുറമ്പോക്കാണോ, ദേവസ്വം പുറമ്പോക്കാണോഎന്ന് നാല് മാസത്തിനകം തീരുമാനിക്കാൻ 2022 ഏപ്രിൽ എട്ടിന് ഹൈക്കോടതി നൽകിയ ഉത്തരവിൽ സത്വര നടപടി ഇതുവരെ സ്വീകരിക്കാത്ത റെവന്യൂ വകുപ്പ് കോടതിയലക്ഷ്യമാണ് ചെയ്യുന്നതെന്ന് ഡെമോക്രാറ്റിക് സോഷ്യൽ ജസ്റ്റിസ് പാർട്ടി (ഡി എസ് ജെ പി).

ഹൈക്കോടതി വിധി നടപ്പാക്കാത്തതിൽ പ്രതിഷേധിച്ച് ഭാരതീയ ക്ഷേത്ര സേവാ സമിതി അമ്പല പരിസരത്ത് മാർച്ച് 30 നു സംഘടിപ്പിച്ച സമര പ്രഖ്യാപന സമ്മേളനത്തിൽ ഡിഎസ്ജെപി പ്രസിഡന്റ് കെ എസ് ആർ മേനോൻ ജനറൽ സെക്രട്ടറി എസ് എസ് മേനോൻ എന്നിവർ പങ്കെടുത്തിരുന്നു.

തർക്കവിഷയഭൂമിയുടെ രേഖകൾ പരിശോധിച്ചും, കൊച്ചിൻ ദേവസ്വം ബോർഡുൾപ്പെടെ ഉന്നയിക്കുന്ന വാദങ്ങൾ പരിഗണിച്ചും നാല് മാസത്തിനകം തീരുമാനമെടുക്കാനാണ് ഹൈക്കോടതി ഫോർട്ട്കൊച്ചി സബ് കളക്ടർക്ക് ഉത്തരവ് നൽകിയത്. നൂറു കോടിയിലധികം രൂപ വിലവരുന്ന ഭൂമി കാലങ്ങളായി ക്ഷേത്രത്തിലെ താലപ്പൊലി, ഗുരുതി, ചുട്ടു പടയണി തുടങ്ങിയ ചടങ്ങുകൾക്ക് ഉപയോഗിച്ച് വരുന്നതാണ്.

ക്ഷേത്രസംരക്ഷണത്തിനു ഇറങ്ങിയ സുരേഷ്പടകര, ഉണ്ണികൃഷ്ണൻ തുടങ്ങിയവരുടെ പേരിൽ പോക്സോ ഉൾപ്പെടെ നിരവധി കേസുകൾ ചാർത്തി സമ്മർദ്ദം ചെലുത്തി അമ്പല ഭൂമി കൈവശപ്പെടുത്താമെന്ന് ആരും ദിവാസ്വപ്നം കാണേണ്ടതില്ലെന്നു ഡി എസ് ജെ പി ഒരു പ്രസ്താവനയിൽ പറഞ്ഞു.

പ്രതിഷേധ സമ്മേളനത്തിൽ സ്വാമി ബാലകൃഷ്ണ നാഥ്, പ്രവീൺ ശർമ്മ ( ഭാരതീയ ജനതാദൾ), രാജൻ പിഷാരടി (ക്ഷേത്ര സേവാസമിതി), സുജിത് (ബി ഡി ജെ എസ്), മുരളീധർ (വൈശ്യ സമാജം), ചഞ്ചൽ, ജി (ബി കെ എസ് എസ്), സുരേഷ് പടിയര, വേണു പിള്ള, പി സി ഉണ്ണികൃഷ്ണൻ (ക്ഷേത്ര സംരക്ഷണ സമിതി), എൻ കെ മോഹനൻ (ധീവര സഭ), അർജുൻ (എസ് എൻ ഡി പി) എന്നിവർ പങ്കെടുത്തു.

# കബനിയിൽ പായൽ അടിയുന്നു; ജലവിതരണം അവതാളത്തിൽ



**പുൽപള്ളി** : കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കുന്ന പച്ചപ്പായൽ കബനിപ്പുഴയിൽ അടിയുന്നതു കുടിവെള്ള ശുദ്ധീകരണം തടസപ്പെടുത്തുന്നു. വേനലിൽ നീരൊഴുക്ക് കുറയുമ്പോഴാണ് ഗ്രീൻ ആൽഗ എന്ന പ്രതിഭാസം പുഴകളിലുണ്ടാവുന്നത്. വിഷാംശമുള്ള ഈ പായൽ മനുഷ്യരിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ ശുദ്ധീകരിക്കാതെ കുടിവെള്ളമായി നൽകാനാവില്ല. പുഴയിൽനിന്നു പമ്പുചെയ്യുന്ന വെള്ളം കബനിഗിരിയിലെ ശുദ്ധീകരണ ശാലയിലെത്തുന്നു. അവിടെ ശുദ്ധീകരിച്ച ശേഷം പുൽപള്ളി, പാടിച്ചിറ സംഭരണികളിലേക്ക് ഒഴുക്കിയാണ് 2 പഞ്ചായത്തുകളിലും ജലവിതരണം.വെള്ളം ശുദ്ധീകരിക്കുന്ന സംഭരണികളിൽ പായൽ അടിഞ്ഞുകൂടി ശുദ്ധീകരണം മുടങ്ങുന്നു.

പുൽപള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിൽ ദിവസങ്ങളായി കുടിവെള്ളമില്ല. പ്രതിസന്ധി നേരിടാൻ ശുദ്ധീകരണ ശാലയിൽ മുഴുവൻ സമയത്തും ശുദ്ധീകരണം നടത്തുന്നുണ്ട്. ഭാഗികമായി ജലവിതരണം നടത്താനാവുന്നുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. കൊളവള്ളി, വാഴക്കവല, വണ്ടിക്കടവ്, സീതാമൗണ്ട് ഭാഗങ്ങളിലാണ് ജലവിതരണം നിലച്ചത്. മഴപെയ്ത് നീരൊഴുക്ക് വർധിക്കുന്നതുവരെ ഈ പ്രതിഭാസം തുടരാനിടയുണ്ട്. പുഴയിൽ ഒഴുക്കുണ്ടായാൽ പായലും ഒഴുകിപോകും.

വേനൽമഴ ശക്തമായി പെയ്താൽ പ്രശ്നം പരിഹരിക്കാനാവും. പുഴയിലെ ജലനിരപ്പ് താഴുകയും പമ്പിങ് നിലയ്ക്കുകയും ചെയ്തപ്പോൾ താൽക്കാലിക തടയണ നിർമിച്ചാണ് ആ പ്രശ്നം പരിഹരിച്ചത്.

തടയണയിലും പായൽ അടിയുന്നു. ജലക്ഷാമം കണക്കിലെടുത്ത് തടയണ പൊളിച്ചുവിടാൻ കഴിയാത്ത അവസ്ഥയും. കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ലോറിയിൽ വെള്ളമെത്തിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്ത്. വാഹനത്തിനായുള്ള ടെൻഡർ ക്ഷണിച്ചിരുന്നു.

അടുത്ത ദിവസം മുതൽ സീതാമൗണ്ട്, കൊളവള്ളി പ്രദേശങ്ങളിൽ ജലവിതരണം ആരംഭിക്കും.

## 176 പേർ തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയായി

15 ദിവസത്തെ തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കി ജില്ലയിലെ 176 യുവാക്കൾ ഇനി സ്വന്തമായി വരുമാനം കണ്ടെത്തും. യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യം വെച്ച് ജില്ലാ പഞ്ചായത്താണ് പദ്ധതി നടപ്പിലാക്കിയത്. പുതിയ ഉത്പന്നങ്ങൾ സ്വന്തമായി നിർമിച്ച് വരുമാനം കണ്ടെത്തി സംരംഭ സാധ്യതകളെ പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അഞ്ച് മേഖലകളിലാണ് പരിശീലനം നൽകിയത്. കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, ചട്ടഞ്ചാൽ, പൊയിനാച്ചി, കാസർകോട് എന്നിവിടങ്ങളിലാണ് പരിശീലനം നൽകിയത്. മാർച്ച് 13ന് ആരംഭിച്ച പരിശീലനം മാർച്ച് 28 വരെ നീണ്ടു. തുണികളിൽ മ്യൂറൽ ആർട്ട്, ബേക്കറി ഉത്പന്ന നിർമാണം, പേപ്പർ ബാഗ് നിർമാണം, ഫാഷൻ ഡിസൈനിംഗ്, ആഭരണ നിർമാണം, കറി പൗഡർ നിർമാണം എന്നിവയിലാണ് പരിശീലനം നൽകിയത്. ഓരോ മേഖലയിലും മുപ്പത് പേരാണ് പരിശീലനം നേടിയെടുത്തത്. ജോബ് കഫെ, ഡി.ടി.സി, ടീം ഫോർ ടെക്നിക്കൽ എക്സലൻസ് തുടങ്ങിയ ഏജൻസികളാണ് പരിശീലനം നൽകിയത്. ജില്ലാ വ്യവസായ കേന്ദ്രമാണ് പദ്ധതി നിർവഹണത്തിന് മേൽനോട്ടം നൽകിയത്.

# മൃഗസംരക്ഷണമേഖലയിൽ 3.23 കോടിയുടെ വികസനപ്രവർത്തനങ്ങൾ



**കോട്ടയം:** ജില്ലയിൽ 202223 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണവകുപ്പ് നടപ്പാക്കിയത് 3.23 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ. മൃഗപരിപാലനത്തിനായി 1.08 കോടി രൂപയും അടിസ്ഥാനസൗകര്യവികസനത്തിനും നിർമാണപ്രവർത്തനങ്ങൾക്കുമായി 2.15 കോടി രൂപയുമാണ് ചെലവഴിച്ചത്.

ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും രാത്രികാല അടിയന്തര സേവനം ആരംഭിച്ചു. ഇതിനായി വെറ്ററിനറി സർജനെയും അറ്റൻഡറെയും നിയമിക്കുന്നതിനായി 70,07,410 രൂപ ചെലവഴിച്ചു. മികച്ച രീതിയിൽ നടപ്പാക്കിയ പദ്ധതിയാണ് ഗോട്ട് സാറ്റലൈറ്റ്. പദ്ധതി വഴി 55 ഗുണഭോക്താക്കൾക്ക് നാലു മുതൽ ആറു മാസം വരെ പ്രായമുള്ള മലബാറി ഇനത്തിൽപ്പെട്ട അഞ്ച് പെണ്ണാടിനെയും ഒരു മുട്ടനാടിനെയും നൽകി. ഒരു യൂണിറ്റിന് 25,000 രൂപ വീതം 55 യൂണിറ്റുകൾക്കായി 13,75,000 രൂപയാണ് പദ്ധതി ചെലവ്. 123 ഗുണഭോക്താക്കൾക്കായി അഞ്ചു മാസം മുതൽ ആറു മാസം വരെ പ്രായമായ 6575 കിലോ തൂക്കമുള്ള പോത്തുകുട്ടികളെ നൽകുന്ന പദ്ധതിക്കായി 12,30,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പശുക്കളിലെ വന്ധ്യതാ നിവാരണവുമായി ബന്ധപ്പെട്ട ചികിത്സകളും അനുബന്ധ ക്യാമ്പുകളും സംഘടിപ്പിക്കാൻ 20 മൃഗാശുപത്രികൾക്കായി രണ്ടു ലക്ഷം രൂപ നൽകി.

ഉദയനാപുരം ഗ്രാമപഞ്ചായത്താണ് മാതൃകാഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുത്തത്. ഇവിടെ ആട്, പോത്തുക്കുട്ടി ഗ്രാമം പദ്ധതി നടപ്പാക്കാൻ അഞ്ചു ലക്ഷം രൂപ നൽകി. ഗോവർദ്ധിനി പദ്ധതിയിൽ നാലു മുതൽ ആറു വരെ പ്രായമുള്ള പശുക്കിടാങ്ങൾക്കും കന്നുകുട്ടികൾക്കും കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം രണ്ടര വയസ് വരെ സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ലാബുകളുടെ ശാക്തീകരണത്തിനായി നാലു ലക്ഷം രൂപ നൽകി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ മൊബൈൽ വെറ്ററിനറി ആശുപത്രിക്ക് 1,26,000 രൂപയും നൽകി.

മണർകാട് റീജണൽ പൗൾട്രി ഫാമിൽ പുതിയ രണ്ട് പൗൾട്രി ഷെഡുകൾ 89 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ചു. 10 ലക്ഷം രൂപ ചെലവഴിച്ച് കാർട്ടേഴ്സ് പുനരുദ്ധരിച്ചു. 70,000 രൂപ ചെലവഴിച്ച് ക്യാഷാലിറ്റി ഷെഡിന്റെ വൈദ്യുതീകരണ ജോലികൾ പൂർത്തിയാക്കി. 70 ലക്ഷം രൂപ ചെലവിൽ പാമ്പാടി മൃഗാശുപത്രിയും 37 ലക്ഷം രൂപ ചെലവിൽ കൊഴുവനാൽ മൃഗാശുപത്രിയും നിർമിച്ചു. 94,000 രൂപ ചെലവഴിച്ച് മേതിരിയിൽ വെറ്ററിനറി സബ് സെന്ററിൽ നിർമാണ പ്രവൃത്തികൾ നടത്തി.

# ഭൂമിയില്ലാത്തവരെ ഭൂമിയുടെ അവകാശികളാക്കുക ലക്ഷ്യം: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമിയെന്ന ലക്ഷ്യവുമായി അവരെ ഭൂമിയുടെ അവകാശികൾ ആക്കാനുള്ള മിഷനുമായി ഒരു നൂതന പ്രവർത്തനത്തിന് കേരളം ഒരുങ്ങുകയാണെന്ന് റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ. കാഞ്ഞങ്ങാട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും താലൂക്ക് എമർജൻസി ഓപ്പറേറ്റിംഗ് സെന്ററിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ അതിന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിക്കുകയാണ്. എത്ര പേരാണോ ഭൂമിക്ക് അർഹരായി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നത് അവർക്ക് ഭൂമി കൊടുക്കാതിരിക്കുന്നതിനുള്ള തടസം എന്താണെന്ന് തിരിച്ചറിഞ്ഞു അവരെ പട്ടയ ഡാഷ് ബോർഡിലേക്ക് മാറ്റുക എന്നതാണ് ആദ്യത്തെ പ്രവർത്തി. കേരളം പട്ടയ മിഷന്റെ കാര്യത്തിൽ വലിയ നടപടികളിലേക്ക് പോവുകയാണ്. പട്ടയ മിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേഗത വർദ്ധിക്കുകയാണ്.

എല്ലാം ഡിജിറ്റലാകുമ്പോൾ ആ ഭാഷ സാധാരണക്കാരായവർക്ക് മനസിലാകുന്നില്ല എന്നൊരു പ്രശ്നം നിലവിലുള്ള സാഹചര്യത്തിൽ ആ പ്രശ്നം പരിഹരിക്കാനായി കേരള ഗവൺമെന്റ് ഒരു വീട്ടിൽ ഒരാളെ എങ്കിലും റവന്യൂ അപേക്ഷകൾ സ്വന്തം ഫോൺ ഉപയോഗിച്ച് തയ്യാറാക്കി അയക്കാൻ പ്രാപ്തരാക്കാൻ റവന്യൂ ഇ സാക്ഷരതയ്ക്ക് നേതൃത്വം നൽകുകയാണ്. വീടുകൾതോറും റവന്യൂ ഇസാക്ഷരത നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ഇ.ചന്ദ്രശേഖരൻ എം.എൽ.എ അധ്യക്ഷനായി. കെ.പി. ജയപാൽ, പി.വി.ചന്ദ്രശേഖരൻ, ബങ്കളം കുഞ്ഞിക്കൃഷ്ണൻ, കെ.സി.പീറ്റർ, രതീഷ് പുതിയപുരയിൽ, കൈപ്രത്ത് കൃഷ്ണൻ നമ്പ്യാർ, സുരേഷ് പുതിയേടത്ത്, എ.ഡി.എം എ.കെ.രമേന്ദ്രൻ എന്നിവർ സംസാരിച്ചു.



# എയർ ഇന്ത്യ എക്സ്പ്രസ് ഇൻഡോറിൽ നിന്ന് ഷാർജയിലേക്കും ദുബായിലേക്കും നേരിട്ട് വിമാന സർവീസ് ആരംഭിച്ചു

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ഇൻഡോർ-ഷാർജ റൂട്ടിൽ സർവീസ് ആരംഭിച്ചു. ഉദ്ഘാടന സർവീസ് കേന്ദ്ര സിവിൽ ഏവിയേഷൻ ആൻഡ് സ്റ്റീൽ വകുപ്പ് മന്ത്രി ജ്യോതിരാദിത്യ എം സിന്ധ്യ വീഡിയോ കോൺഫറൻസിംഗിലൂടെ ഫ് ളാഗ് ഓഫ് ചെയ്തു. പരിപാടിയിൽ കേന്ദ്ര സിവിൽ ഏവിയേഷൻ ആന്റ് റോഡ് ട്രാൻസ്പോർട്ട് സഹമന്ത്രി ജനറൽ (ഡോ.) വി.കെ.സിംഗ് (റിട്ട.), എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർഏഷ്യ ഇന്ത്യയുടെയും മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് എന്നിവർ പങ്കെടുത്തു.ഇൻഡോറിൽ നിന്ന് രാവിലെ 10.30 ന് ആദ്യ വിമാനം പറന്നുയർന്നു. എയർ ഇന്ത്യ എക്സ്പ്രസിൻറെയും എയർ ഏഷ്യ ഇന്ത്യയുടെയും സംയുക്ത ശൃംഖലയിലെ മുപ്പതാമത്തെ ഇന്ത്യൻ സ്റ്റേഷനാണ് ഇൻഡോർ. ഇൻഡോർ  ഷാർജ സെക്ടറിൽ തിങ്കൾ, വെള്ളി, ശനി എന്നീ മൂന്ന് ദിവസങ്ങളിൽ നേരിട്ടുള്ള വിമാനം ലഭ്യമാകും. ഇതിന് പുറമേ എയർ ഇന്ത്യ എക്സ്പ്രസ് ഇൻഡോറിൽ നിന്ന് ദുബായിലേക്കും നേരിട്ടുള്ള സർവീസ് ആരംഭിച്ചിട്ടുണ്ട്. ഈ സർവീസ് വ്യാഴാഴ്ചകളിൽ ലഭ്യമാകും.എയർ ഇന്ത്യയുടെ ചെലവ് കുറഞ്ഞ സർവീസുകളായ എയർ ഇന്ത്യ എക്സ്പ്രസും




എയർ ഏഷ്യ ഇന്ത്യയും സംയോജനത്തിന്റെ പാതയിലാണെന്ന് എയർ ഇന്ത്യ എക്സ്പ്രസിന്റെയും എയർഏഷ്യ ഇന്ത്യയുടെയും മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. എയർ ഇന്ത്യ ഗ്രൂപ്പ് ഓർഡർ ചെയ്ത വമ്പൻ ഫ് ളൈറ്റ് എത്തുന്നതിനൊപ്പം അതിവേഗ നെറ്റ് വർക്ക് വളർച്ചയ്ക്കും വിപുലീകരണത്തിനും ഒരുങ്ങുകയാണ്. ചെലവ് കുറഞ്ഞ സർവീസുകൾ രാജ്യത്തെ ടയർ2, 3 നഗരങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.നേരത്തെ എയർ ഇന്ത്യ എക്സ്പ്രസ് ഗോവ-ദുബായ് സെക്ടറിൽ നാല് പ്രതിവാര ഡയറക്ട് ഫ് ളൈറ്റുകൾ അവതരിപ്പിച്ചിരുന്നു.

# പതിനെട്ട് വയസിനു മുകളിൽ പ്രായമുള്ളവർ ആധാർ പുതുക്കണം

**കൊച്ചി:** ജില്ലയിൽ ആധാർ പുതുക്കൽ നടപടികൾ വേഗത്തിലാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ നടന്ന ആധാർ ഡോക്യുമെന്റ് അപ്ഡേഷനുമായി ബന്ധപ്പെട്ട യോഗത്തിൽ തീരുമാനമായി.  18 വയസിനു മുകളിലുള്ള എല്ലാവരും എത്രയും പെട്ടെന്ന് ആധാർ പുതുക്കണമെന്ന്  ജില്ലാ കളക്ടർ പറഞ്ഞു.ആഗസ്റ്റ് മാസത്തോടെ 18 വയസിന് മുകളിലുള്ളവരുടെ ആധാർ പുതുക്കൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് നടപടികൾ പുരോഗമിക്കുകയാണ്. അക്ഷയ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പെരുമ്പാവൂരിൽ അതിഥി തൊഴിലാളികൾക്കായി തൊഴിലിടങ്ങളിൽ ആധാർ പുതുക്കൽ സേവനം ആരംഭിച്ചിട്ടുണ്ട് .ഇലക്ഷൻ ഐ.ഡി കാർഡ്, റേഷൻ കാർഡ് (ഉടമസ്ഥൻ മാത്രം), ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, സർവീസ്/ പെൻഷൻ ഫോട്ടോ ഐ.ഡി കാർഡ്, പാസ്പോർട്ട്, ഭിന്നശേഷി ഐ.ഡി കാർഡ്, ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് തുടങ്ങിയവയിൽ ഏതെങ്കിലും പേര് തെളിയിക്കുന്ന രേഖയും പാസ്പോർട്ട്, ഇലക്ഷൻ ഐ.ഡി കാർഡ്, റേഷൻ കാർഡ്, കിസാൻ ഫോട്ടോ പാസ് ബുക്ക്, ഭിന്നശേഷി ഐ.ഡി കാർഡ്, സർവീസ് ഫോട്ടോ ഐ.ഡി കാർഡ്, വിവാഹ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക്, ട്രാൻസ്ജെൻഡർ ഐഡി കാർഡ്, ഇലക്ട്രിസിറ്റി/ ഗ്യാസ് കണക്ഷൻ/ വാട്ടർ/ ടെലിഫോൺ/ കെട്ടിട നികുതി ബില്ലുകൾ, രജിസ്ട്രേഡ് സെയിൽ എഗ്രിമെന്റ് തുടങ്ങിയ വിലാസം തെളിയിക്കുന്ന രേഖയും സഹിതം ആധാർ സേവന കേന്ദ്രത്തിലെത്തി ആധാർ പ



ുതുക്കാവുന്നതാണ്.അഞ്ചുമുതൽ ഏഴു വയസ്സ് വരെയുള്ള കുട്ടികളുടെയും, 15നും 17നും ഇടയിൽ പ്രായമുള്ളവരുടെയും ബയോമെട്രിക് രേഖകളും  പുതുക്കേണ്ടതാണ്. ഫോൺ നമ്പറുമായി ആധാർ കാർഡ് ബന്ധിപ്പിക്കാത്തവർ  ബന്ധിപ്പിക്കേണ്ടതുമാണ്.യോഗത്തിൽ യു.ഐ.ഡി.എ.ഐ സി.ഇ.ഒ സൗരഭ് ഗാർഗ്,  യു.ഐ.ഡി.എ.ഐ സംസ്ഥാന ഡയറക്ടർ വിനോദ് ജേക്കബ് ജോൺ, യു.ഐ.ഡി.എ.ഐ ബാംഗ്ലൂർ അസിസ്റ്റന്റ് മാനേജർ എം.വെങ്കിട്ട്, അക്ഷയ ജില്ലാ പ്രോജക്ട് മാനേജർ ചിഞ്ചു സുനിൽ, അസിസ്റ്റന്റ് പ്രോജക്ട് കോഓർഡിനേറ്റർ എൻ.ആർ പ്രേമ തുടങ്ങിയവർ പങ്കെടുത്തു.

## എന്റെ കേരളം 2023

# കൊച്ചിയിൽ ഇനി ആഘോഷങ്ങളുടെ ഏഴ് രാവുകൾ

കൊച്ചി: ചടുല സംഗീതത്തിന്റെ മാസ്മര താളങ്ങളിൽ ചുവടുവയ്ക്കാൻ കൊച്ചി ഒരുങ്ങി. അരങ്ങുണരാൻ ഇനി മണിക്കൂറുകൾ മാത്രം. ഇനിയുള്ള ഏഴ് നാളുകൾ കൊച്ചിയിൽ ആവേശം വാനോളം. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്ത് സംഘടിപ്പിക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയുടെ ഭാഗമായി വിവിധ കലാപരിപാടികൾ അരങ്ങേറുന്നത്. ഉദ്ഘാടന ദിവസമായ ഏപ്രിൽ ഒന്നിന് വൈകിട്ട് എട്ടിന് സ്റ്റീഫൻ ദേവസ്യയുടെ മാന്ത്രിക വിരലുകൾ കീ ബോർഡിൽ വിസ്മയം തീർക്കും. ജാസി ഗിഫ്റ്റിന്റെയും ആട്ടം കലാസമിതിയുടെയും മിന്നും പ്രകടനം മറൈൻ ഡ്രൈവിലെത്തുന്ന കാഴ്ചക്കാരെ ആഘോഷക്കൊടുമുടിയേറ്റും.   നാടൻ പാട്ടിന്റെ ആവേശം താമരശേരി ചുരം കയറും.ഏപ്രിൽ ഒന്നു മുതൽ എട്ടു വരെ നടക്കുന്ന മേളയിൽ ഏപ്രിൽ 7 ഒഴികെ എല്ലാ ദിവസവും വൈകിട്ട്  പ്രമുഖ കലാസംഘങ്ങൾ അണിനിരക്കുന്ന സാംസ്കാരിക പരിപാടികൾ നടക്കും.ഏപ്രിൽ ഒന്നിന് സ്റ്റീഫൻ ദേവസിയുടെ ലൈവ് ബാൻഡ് ഷോ വേദിയിൽ അരങ്ങേറും.ഏപ്രിൽ രണ്ടിന് ജാസി ഗിഫ്റ്റിന്റെ മ്യൂസിക് നൈറ്റ്, ഏപ്രിൽ മൂന്നിന് പിന്നണി ഗായകരായ ദുർഗ വിശ്വനാഥ്  വിപിൻ സേവ്യർ എന്നിവരുടെ ഗാനമേള, ഏപ്രിൽ നാലിന് താമരശ്ശേരി ചുരം മ്യൂസിക് ബാൻഡിന്റെ പരിപാടി, ഏപ്രിൽ അഞ്ചിന്  അലോഷി പാടുന്നു, ഏപ്രിൽ ആറിന് ആട്ടം ചെമ്മീൻ ബാൻഡിന്റെ ഫ്യൂഷൻ പരിപാടി, ഏപ്രിൽ എട്ടിന് ഗിന്നസ് പക്രുവിന്റെ മെഗാ ഷോ തുടങ്ങിയ പരിപാടികൾ മേളയുടെ മുഖ്യ ആകർഷണമാണ്.യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയത്തെ ആസ്പദമാക്കി ആവിഷ്കരിച്ചിരിക്കുന്ന മേളയിൽ യുവാക്കളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ 30 സ്റ്റാളുകൾ അണിനിരക്കുന്നുണ്ട്. ആഘോഷങ്ങൾ അവസാനിക്കാത്ത കൊച്ചിയുടെ മണ്ണിൽ 63680 ചതുരശ്ര അടി വിസ്തീർണത്തിലാണ് പ്രദർശന വിപണന മേള ഒരുങ്ങുന്നത്.

## റേഡിയോളജിസ്റ്റ് കരാർ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോളജിസ്റ്റ്  തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ താൽക്കാലിക നിയമനം നടത്തുന്നു. യോഗ്യത  എം.ഡി/ഡിഎംബി (റേഡിയോ ഡയഗ്നോസിസ്) ഡിഎംഅർഡിയും ടിസിഎംസി രജിസ്ട്രേഷനും. പ്രായം 2023 ജനുവരി ഒന്നിന് 2560. താത്പ്പര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം ഏപ്രിൽ അഞ്ച് (ബുധൻ) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്രണ്ട് ഓഫീസിന് സമീപത്തുള്ള കൺട്രോൾ റൂമിൽ രാവിലെ 11.00 ന് നടക്കുന്ന എഴുത്തു പരീക്ഷയിലും ഇൻറർവ്യൂവിലും പങ്കെടുക്കണം. രജിസ്ട്രേഷൻ അന്നേദിവസം രാവിലെ 10.00 മുതൽ 11.00 വരെ മാത്രമായിരിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിൻറെ കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന പള്ളുരുത്തി ഐ.സി.ഡി.എസ് പ്രോജക്ടിലെ കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഉള്ളതും, ഇനി ഉണ്ടാകാൻ സാധ്യതയുള്ളതുമായ അങ്കണവാടി വർക്കർ ഹെൽപ്പർ തസ്തികയിലേക്ക് കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 2023 ജനുവരി ഒന്നിന് 18 വയസ്സ് തികയേണ്ടതും 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. അപേക്ഷകൾ ശിശുവികസന പദ്ധതി ആഫീസർ, ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസ്, പള്ളുരുത്തി, പള്ളുരുത്തി ബ്ലോക്ക് ആഫീസ് ബിൽഡിംഗ്, 682006 വിലാസത്തിൽ ഏപ്രിൽ 22 വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 22372762, 0484 2240249.

## ക്ഷേമനിധി പെൻഷൻ മസ്റ്ററിംഗ്

**കൊച്ചി:** 2022 ഡിസംബർ 31 വരെ ബോർഡിൽ നിന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണെന്ന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## മോണ്ടിസ്സോറി, പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ്

കൊച്ചി: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഏപ്രിൽ മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം ദൈർഘ്യമുള്ള മോണ്ടിസ്സോറി, പ്രീ പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/പ്ലസ്ടു/ എസ്.എസ്.എൽ.സി യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ: 7994449314.

# എച്ച്.യു.ഐ.ഡി : ബി.ഐ.എസ് ഓഫിസിലേക്ക് സ്വർണ്ണ വ്യാപാരികൾ പ്രതിഷേധ മാർച്ച് നടത്തി

## എറണാകുളം ഐ.എസ് പ്രസ്സ് റോഡിലെ പി.ടി.ചെറിയാൻ സ്വർണ്ണഭവൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ എച്ച്.യു.ഐ.ഡി ക്കെതിരെ ഹൈക്കോടതിയിൽ നൽകിയ കേസിൽ ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചു

**കൊച്ചി :** ഹോൾമാർക്ക് യൂണിക്ക് ഐഡന്റിഫിക്കേഷൻ(എച്ച്.യു.ഐ.ഡി) ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനുള്ള തീരുമാനം കേന്ദ്രസർക്കാർ പിൻവലിക്കണമെന്നും അല്ലാത്ത പക്ഷം ശക്തമായ പ്രക്ഷോഭവുമായി രംഗത്തു വരുമെന്നും മുന്നറിയിപ്പു നൽകിക്കൊണ്ട് ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കടവന്ത്രയിലെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ് (ബി.ഐ.എസ്) ഓഫിസിനു മുന്നിലേക്ക് സ്വർണ്ണം,വെള്ളി വ്യാപാരികൾ പ്രതിഷേധ മാർച്ചും ധർണയും നടത്തി. കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിനു സമീപത്തു നിന്നും ആരംഭിച്ച പ്രതിഷേധ മാർച്ചിൽ സംസ്ഥാനത്തിന്റെ മുഴുവൻ ജില്ലകളിൽ നിന്നുമായി നൂറുകണക്കിന് വ്യാപാരികൾ അണിനിരന്നു. ബി.ഐ.എസ് ഓഫിസിനു മുന്നിൽ നടന്ന ധർണ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്തു. എച്ച്.യു.ഐ.ഡിക്കെതിരെ പി.ടി.ചെറിയാൻ സ്വർണ്ണഭവൻ ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ നൽകിയ കേസിൽ ഹൈക്കോടതി സ്റ്റേ അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നതായി രാജു അപ്സര പറഞ്ഞു.എച്ച്.യു.ഐ.ഡി നടപ്പിലാക്കുന്നതിനെ വ്യാപാരികൾ എതിർക്കുന്നില്ല. വിഷയം സ്വർണ വ്യാപാര മേഖലയിലുള്ളവരുമായി ചർച്ച ചെയ്ത് ദൂഷ്യവശങ്ങൾ പരിഹരിച്ചു വേണം നടപ്പിലാക്കാനെന്നും രാജു അപ്സര പറഞ്ഞു. രാജ്യത്തെ സ്വർണ്ണവ്യാപാര മേഖലയിൽ പണിയെടുക്കുന്ന ഒരു കോടിയിലധികം കുടുംബങ്ങളെ ബാധിക്കുന്ന വിഷയമാണത്. ഏകപക്ഷീയമായ നിലപാട് അംഗീകരിക്കില്ല.രാജ്യത്തെ 779 ജില്ലകളിൽ 336 ജില്ലകൾക്കു മാത്രമാണ് നിലവിൽ എച്ച്.യു.ഐ.ഡി ബാധകമാക്കിയിരിക്കുന്നത്. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇന്ത്യ മുഴുവൻ എന്നാണോ എച്ച്.യു.ഐ.ഡി നടപ്പാക്കാവുന്ന സംവിധാനം പ്രാവർത്തികമാകുന്നത് അന്ന് രണ്ടു കൈയ്യും നീട്ടി സ്വീകരിക്കാൻ തങ്ങൾ തയ്യാറാണന്നും അല്ലാതെയുള്ള ഒരു നീക്കവും തങ്ങൾ അംഗീകരിക്കില്ലെന്നും രാജു അപ്സര വ്യക്തമാക്കി. ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സക്കീർ ഇക്ബാൽ അധ്യക്ഷത വഹിച്ചു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ്, എ.കെ.ജി.എസ്.എം.എ നേതാക്കളായ രാജൻ ജെ.തോപ്പിൽ, അബ്ദുൾ കരിം ഹാജി, കോടോത്ത് അശോകൻ നായർ,എബി പാലത്ര, പി.എം തോമസ്, കെ.എം ജലീൽ, എസ്.രാധാകൃഷ്ണൻ, ജോസ് വർക്കി കാക്കനാട്ട്, മാത്യു കണ്ടിരിക്കൽ, ബാബു ആലപ്പാട്ട്, മോഹൻ ആലപ്പുഴ, രാജൻ അനശ്വര, നിക്സൺ മാവേലി, റെനി വർക്കി കാക്കനാട്ട്, വി.മൊയ്തു, അബ്ദുൾ റസാഖ്, സാജൻ കട്ടപ്പന, ജോയി പഴേമഠം, അഡ്വ ദിൽഷാദ് ,ഹരിപ്രസൂൺ,സന്തോഷ് കണ്ടതിൽ,മനോജ് വിശ്വനാഥ്, കെ.വി.വി.ഇ.എസ് എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് എം.സി പോൾസൺ, ജില്ലാ സെക്രട്ടറി അബ്ദുൾ റസാഖ് തുടങ്ങിയവർ സംസാരിച്ചു.




**ഹോൾമാർക്ക് യൂണിക്ക് ഐഡന്റിഫിക്കേഷൻ(എച്ച്.യു.ഐ.ഡി) ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനുള്ള തീരുമാനം കേന്ദ്രസർക്കാർ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കടവന്ത്രയിലെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ് (ബി.ഐ.എസ്) ഓഫിസിന് മുന്നിൽ പി.ടി.ചെറിയാൻ സ്വർണ്ണഭവൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ നടത്തിയ പ്രതിഷേധ മാർച്ചും ധർണ്ണയും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു. ജോസ് വർക്കി കാക്കനാട്ട്, രാജൻ തോപ്പിൽ, പി.സി.ജേക്കബ്, സക്കീർ ഇക്ബാൽ, ഹരിദാസ്, നിക്സൺ മാവേലി, സന്തോഷ് കണ്ടത്തിൽ, റെനി വർക്കി കാക്കനാട്ട്,എബി പാലത്ര തുടങ്ങിയവർ മുൻ നിരയിൽ.**

# പുതിയ 2023 എസ്പി 125 പുറത്തിറക്കി ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ബിഎസ്6 ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 എസ്പി 125 പുറത്തിറക്കി. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും മികച്ച 125സിസി പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ മോഡലിനെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പ്രസിഡൻറും സിഇഒയും മാനേജിങ് ഡയറക്ടറുമായ അത്സുഷി ഒഗാറ്റ പറഞ്ഞു.ഇതോടൊപ്പം സമ്പൂർണ ഡിജിറ്റൽ മീറ്ററും എസ്പി 125ൽ ക്രമീകരിച്ചിട്ടുണ്ട്. ഇന്ധനക്ഷമത, ഇസിഒ ഇൻഡിക്കേറ്റർ, ഗിയർ പൊസിഷൻ ഇൻഡിക്കേറ്റർ, സർവീസ് ഡ്യൂ ഇൻഡിക്കേറ്റർ തുടങ്ങിയവ മീറ്ററിലൂടെ റൈഡർക്ക് കാണാം.വീതിയേറിയ 100 എംഎം പിൻ ടയർ, എൽഇഡി ഡിസി ഹെഡ്ലാമ്പ്, എഞ്ചിൻ സ്റ്റാർട്ട്/സ്റ്റോപ്പ് സ്വിച്ച്, ഇൻറഗ്രേറ്റഡ് ഹെഡ്ലാമ്പ് ബീം, പാസിങ് സ്വിച്ച്, 5സ്പീഡ് ട്രാൻസ്മിഷൻ, എക്സ്റ്റേണൽ ഫ്യൂവൽ പമ്പ്, അഞ്ച് ഘട്ടങ്ങളായി ക്രമീകരിക്കാവുന്ന റിയർ സസ്പെൻഷൻ, ഈക്വലൈസറോഡ് കൂടിയ കോംബിബ്രേക്ക് സിസ്റ്റം എന്നിവയാണ് മറ്റു പ്രധാന സവിശേഷതകൾ.ഡ്രം, ഡിസ്ക് എന്നിങ്ങനെ രണ്ട് വകഭേദങ്ങളിലും, ബ്ലാക്ക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക്, ഇംപീരിയൽ റെഡ് മെറ്റാലിക്, പേൾ സൈറൻ ബ്ലൂ, ന്യൂമാറ്റ് മാർവൽ ബ്ലൂ മെറ്റാലിക് എന്നിങ്ങനെ അഞ്ച് നിറഭേദങ്ങളിലും 2023 എസ്പി 125 ലഭ്യമാണ്. ഡ്രം വേരിയൻറിന് 85,131 രൂപയും, ഡിസ്ക് വേരിയൻറിന് 89,131 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില.ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന 2023 എസ്പി 125 പുറത്തിറക്കിയതോടെ സ്പോർട്ടിയും സ്റ്റൈലോടും കൂടിയ ഒരു മോട്ടോർസൈക്കിളിനപ്പുറം ഉപഭോക്താക്കൾക്ക് ഒരു മികച്ച വാഹനം ലഭ്യമാക്കുന്നതിൽ അഭിമാനമുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ പ്രസിഡൻറും സിഇഒയും മാനേജിങ് ഡയറക്ടറുമായ അത്സുഷി ഒഗാറ്റ പറഞ്ഞു.



# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** തിരുവനന്തപുരം ജില്ലയിലെ ഞാറനീലി, കുറ്റിച്ചൽ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഡോ.അംബേദ്കർ വിദ്യാനികേതൻ സിബിഎസ്ഇ സ്കൂൾ, ജി.കാർത്തികേയൻ മെമ്മോറിയൽ സിബിഎസ്ഇ സ്കൂൾ എന്നിവിടങ്ങളിലേക്ക് 202223 അധ്യയന വർഷം ഒന്നാം ക്ലാസ് പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന ജില്ലയിലെ പട്ടികവർഗത്തിൽപ്പെട്ടതും രണ്ട് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പേര്, രക്ഷിതാവിൻറെ പേര്, മേൽവിലാസം (പിൻകോഡ് സഹിതം), ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തിയ അപേക്ഷ ജാതി, വരുമാനം, കുട്ടിയുടെ പ്രായം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെൻറ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ/രക്ഷാകർത്താക്കൾ, തങ്ങൾ കേന്ദ്ര/സംസ്ഥാന/പൊതുമേഖല ജീവനക്കാരല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ എട്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 485 2814957.

# 25 വർഷം പിന്നിട്ട് ജെന്റിൽമാൻ ചിറ്റ് ഫണ്ട്സ് ; 10 നിർധന കുടുംബങ്ങൾക്ക് വീടു വെച്ചു നൽകും

## പുതിയ ലോഗോ ബ്രാൻഡ് അംബാസഡർ സിദ്ധിഖ് പ്രകാശനം ചെയ്തു




**കൊച്ചി:** മധ്യകേരളത്തിലെ പ്രമുഖ ചിട്ടി സ്ഥാപനമായ ജെന്റിൽമാൻ ചിറ്റ് ഫണ്ട്സ് ഇരുപത്തിയഞ്ചു വർഷം പൂർത്തിയാക്കി. എറണാകുളം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ ബ്രാൻഡ് അംബസാഡറും സിനിമാതാരവുമായ സിദ്ധിഖ് ജെന്റിൽമാൻ ചിറ്റ് ഫണ്ട്സിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു. 25 വർഷത്തിനിടെ അഞ്ചു ലക്ഷത്തിലേറെ ഉപയോക്തക്കൾക്ക് സേവനമെത്തിച്ചുവെന്നും 2022-23 വർഷം 300 കോടി രൂപയുടെ ബിസിനസ് നടത്തിയെന്നും വാർത്താസമ്മേളനത്തിൽ സംസാരിച്ച ജെന്റ്ൽമാൻ ചിറ്റ് ഫണ്ട്സ് മാനേജിംഗ് ഡയറക്ടർ ബാബു കേശവൻ പറഞ്ഞു. ഉപയോക്താക്കളിലേറെയും ബിസിനസ്സുകാരും ഇടത്തരം വരുമാനക്കാരുമാണ്. സുതാര്യമായ പ്രവർത്തനത്തിലൂടെ ഇവരിൽ നിന്ന് ആർജിച്ച വിശ്വസ്തതയാണ് കമ്പനിയുടെ വളർച്ചയ്ക്ക് കാരണമെന്നും ബാബു കേശവൻ പറഞ്ഞു. 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കമ്പനിയുടെ പത്ത് ശാഖകളുടെ പ്രവർത്തനപരിധിയിൽ വരുന്ന 10 നിർധനർക്ക് വീടു വെച്ചു നൽകുമെന്നും ബാബു കേശവൻ പറഞ്ഞു. ജാതിമതരാഷ്ട്രീയ പരിഗണനകളില്ലാതെ സാമ്പത്തികസ്ഥിതി മാത്രം കണക്കിലെടുത്തായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. രണ്ടു വർഷത്തിനകം പത്തു വീടുകളും നിർമിച്ചു നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.25ാം വാർഷികം പ്രമാണിച്ച് തലയോലപ്പറമ്പിൽ ഗ്രൂപ്പ് സ്ഥാപിക്കുന്ന 75000 ച അടി വിസ്തൃതിയുള്ള ജിമാൾ ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് കമ്പനിയുടെ ആസ്ഥാനം മാറ്റിസ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ ബിസിനസ് ക്ലാസ്, ജനപ്രിയ, ധനശ്രീ, അക്ഷയ എന്നീ വിഭാഗങ്ങളിലാണ് കമ്പനിക്ക് ചിട്ടികളുള്ളത്. ഇവയ്ക്കു പുറമെ മൾട്ടി ഡിവിഷൻ ചിട്ടികളുമുണ്ട്.കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി തലയോലപ്പറമ്പ്, ചേർത്തല, എറണാകുളം, തൃപ്പൂണിത്തുറ, ആലപ്പുഴ, ഹരിപ്പാട്, എരമല്ലൂർ, ഏറ്റുമാനൂർ, കായംകുളം, മാവേലിക്കര എന്നിവിടങ്ങളിലാണ് ജെന്റ്ീൽമാന്റെ ശാഖകൾ പ്രവർത്തിക്കുന്നത്. 2023ൽ തൊടുപുഴ, മൂവാറ്റുപുഴ, പാല എന്നിവിടങ്ങളിൽക്കൂടി ശാഖകൾ തുറക്കാൻ ലക്ഷ്യമിടുന്നു.ജെന്റിൽമാൻ ഗ്രൂപ്പുമായി കഴിഞ്ഞ ഏഴു വർഷമായി സഹകരിക്കുന്നുണ്ടെന്നും ജെന്റിൽമാന്റെ സുതാര്യമായ പ്രവർത്തനചരിത്രമാണ് ഈ സഹകരണം തുടർച്ചയായി പുതുക്കുന്നതിന് പ്രചോദനമെന്നും ബ്രാൻഡ് അംബാസഡർ കൂടിയായ സിനിമാതാരം സിദ്ധിഖ് പറഞ്ഞു. ബിസനസ്സിനൊപ്പം സാമൂഹ്യപ്രതിബദ്ധതയും ഒത്തുചേർന്നതാണ് ഗ്രൂപ്പിന്റെ പ്രവർത്തനം. ഇതിന്റെ ഭാഗമായാണ് ഇപ്പോൾ 10 നിർധന കുടുംബങ്ങൾക്ക് വീടുവെച്ചു നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ജെന്റിൽമാൻ ചിറ്റ് ഫണ്ട്സ് എജിഎം സാം പോതാറയും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഡിബിഎസ് ബാങ്ക് ഇന്ത്യ ഡിജിപോർട്ട്ഫോളിയോ അവതരിപ്പിച്ചു

DBS
Live more, Bank less

**കൊച്ചി:**ഡിബിഎസ് ബാങ്ക് ഇന്ത്യ തങ്ങളുടെ ഡിജിബാങ്ക് വഴിയുള്ള നവീനമായ നിക്ഷേപ സംവിധാനം ഡിജിപോർട്ട്ഫോളിയോ അവതരിപ്പിച്ചു. ഓരോരുത്തരുടേയും നഷ്ടസാധ്യത നേരിടാനുള്ള കഴിവിന് അനുസൃതമായ മ്യൂചൽ ഫണ്ട് പദ്ധതികൾ തെരഞ്ഞെടുക്കാനുള്ള സഹായമാണ് മോണിങ്സ്റ്റാറുമായി ചേർന്ന് അവതരിപ്പിക്കുന്ന ഇതിലൂടെ ലഭ്യമാകുന്നതെന്ന് ഡിബിഎസ് ബാങ്ക് ഇന്ത്യ മാനേജിങ് ഡയറക്ടറും കൺസ്യൂമർ ബാങ്കിങ് ഗ്രൂപ്പ് മേധാവിയുമായ പ്രശാന്ത് ജോഷി പറഞ്ഞു. 10,000, 50,000 രൂപ എന്നിങ്ങനെ കുറഞ്ഞ നിക്ഷേപങ്ങളുള്ള രണ്ടു പദ്ധതികളാണ് ഡിജിപോർട്ട്ഫോളിയോ വഴി അവതരിപ്പിച്ചിട്ടുള്ളത്. വിവിധ വിഭാഗങ്ങളിൽപ്പെട്ട നിക്ഷേപകർക്ക് ഉചിതമായ രീതിയിൽ ഓഹരി, ഡെറ്റ്, മണി മാർക്കറ്റ് പദ്ധതികൾ തെരഞ്ഞെടുക്കാൻ ഇതിൽ സൗകര്യമുണ്ട്. ഡാറ്റ, നിർമിത ബുദ്ധി, ആധുനിക സാങ്കേതികവിദ്യ തുടങ്ങിയവയ്ക്ക് ഒപ്പം മാനുഷിക സേവനങ്ങളും കൂട്ടിച്ചേർത്താണ് ഇത്തരത്തിലൊരു സേവനം ലഭ്യമാക്കുന്നത്.ഇന്ത്യയിൽ മ്യൂചൽ ഫണ്ടിൽ നിക്ഷേപിക്കുന്നവർ വർധിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ സങ്കീർണത സാധ്യതയുള്ള പല നിക്ഷേപകരേയും മാറ്റി നിർത്തുകയാണെന്ന് ഡിബിഎസ് ബാങ്ക് ഇന്ത്യ മാനേജിങ് ഡയറക്ടറും കൺസ്യൂമർ ബാങ്കിങ് ഗ്രൂപ്പ് മേധാവിയുമായ പ്രശാന്ത് ജോഷി പറഞ്ഞു. ഇതു മറികടക്കാനും വളർച്ചയും സുരക്ഷിതത്വവും കൂട്ടിച്ചേർത്തു മുന്നോട്ടു പോകാൻ നിക്ഷേപകരെ സഹായിക്കാനുമാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നിക്ഷേപങ്ങളുടെ പ്രകടനത്തിൻറെ കാര്യത്തിൽ ഏറ്റവും നിർണായകമായ ആസ്തി വകയിരുത്തലിൽ മോണിങ്സ്റ്റാറിൻറെ ഗവേഷണങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഡിജിപോർട്ട്ഫോളിയോ തുടക്കം കുറിക്കുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ മോണിങ്സ്റ്റാർ പോർട്ട്ഫോളിയോ സ്പെഷലിസ്റ്റും ഡയറക്ടറുമായ ധാവൽ കപാഡിയ പറഞ്ഞു.

# 'സംസ്കാരത്തിന്റെ വീട്ടി'ലേക്ക് യാത്ര: 'ലെറ്റേഴ്സ് അൺറിട്ടൺ ടു നൈയെർ മസൂദ' ബിനാലെയിൽ

**കൊച്ചി:** റോട്ടർഡാം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലേക്ക് ഇക്കൊല്ലം തെരഞ്ഞെടുക്കപ്പെട്ട, മലയാളി എ ജെ ഷാഹി സംവിധാനം ചെയ്ത 'ലെറ്റേഴ്സ് അൺറിട്ടൺ ടു നൈയെർ മസൂദ്' ബിനാലെയിൽ പ്രദർശിപ്പിച്ചു. 2017ൽ അന്തരിച്ച പദ്മശ്രീ നൈയെർ മസൂദിന്റെ കഥകളിലെ ജീവിത പരിസരങ്ങളിലേക്ക് നടത്തിയ യാത്രയും തുടർന്നുള്ള സർഗ്ഗാത്മക നിഗമനങ്ങളുമാണ് തന്റെ ആദ്യ സിനിമയായതെന്ന് കൊല്ലം സ്വദേശി ഷാഹി പറഞ്ഞു.എഴുത്തുകാരന്റെ കഥകളിൽ ഉണ്ടായിരുന്ന വീടും ചുറ്റുപാടും അത് യഥാർത്ഥത്തിൽ ഉണ്ടായിരുന്നു എന്ന സൂചനയിൽ നടത്തിയ അന്വേഷണം ലക്നോവിലെ അദാബ ിസ്ഥാനിലേക്കാണ് ഷാഹിയെ എത്തിച്ചത്. 'അദാബിസ്ഥാൻ എന്നാൽ അർത്ഥം, 'സംസ്കാരത്തിന്റെ വീട്'. വലിയൊരു പൈതൃക വീടാണിത്. ഇത് മസൂദിന്റെ എഴുത്തുകളിൽ ആവർത്തിച്ചാവർത്തിച്ച് വരുന്നുണ്ട്. മിക്കവാറും ചെറുകഥകൾ പരസ്പര ബന്ധിതമാണ്. അതിനു നിമിത്തമാകുന്നതും ഈ ഇടവും കഥാപാത്രങ്ങളും തന്നെ' ഷാഹി ചൂണ്ടിക്കാട്ടി.മസൂദിന്റെ കഥകളിൽ പതിഞ്ഞ സ്ഥലി മുദ്രകളുടെ തീരാ പ്രലോഭനത്തിൽ യാഥാർഥ ഭൂമികയിലെത്തി ഭാവനയും ഇടകലർന്ന ഉൾച്ചേർച്ച ആരായുകയാണ് ഷാഹി സിനിമയിൽ. അന്വേഷണത്തിൽ സ്പഷ്ടമായ വിടവുകൾ വ്യാഖ്യാനങ്ങളും മറ്റും ഉൾക്കൊള്ളിച്ച് സർഗാത്മകമായി ആവിഷ്കരിക്കാൻ നടത്തിയ ശ്രമത്തിന്റെ ശ്രദ്ധേയ പരിണതിയായി 'ലെറ്റേഴ്സ്



അൺറിട്ടൺ ടു നൈയെർ മസൂദ്'. ഇംഗ്ലീഷ്,ഹിന്ദി, ഉർദു, മലയാളം ഭാഷകൾ കടന്നുവരുന്ന സിനിമയിൽ പ്രശസ്തനായ ഭരത് മൂർത്തിയുടെ അനിമേഷനുകളും ഇല്ലസ്ട്രേറ്റർ ഇബ്രാഹിം റായിന്റാക്കാട്ടിന്റെ സംഭാവനകളും ഉൾച്ചേർത്തിട്ടുണ്ട്.ഇന്ത്യൻ ഫൗണ്ടേഷൻ ഓഫ് ആർട്ട്സിൽ നിന്ന് ലഭിച്ച പരിശീലന ഗ്രാൻഡ് ഉപയോഗിച്ചാണ് സിനിമ നിർമ്മിച്ചത്. ഇംഗ്ലീഷ് ബിരുദാനന്ദ ബിരുദമെടുത്തശേഷം പുനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് തിരക്കഥാരചനയും സംവിധാനവും പഠിച്ച ഷാഹി ഇപ്പോൾ അധ്യാപകനായി പ്രവർത്തിക്കുന്നു.

# ടൈ കേരള: ദാമോദർ അവനൂർ സംസ്ഥാന പ്രസിഡന്റ്



ടൈകേരള സംസ്ഥാന പ്രസിഡന്റ് ദാമോദർ അവനൂർ,വൈസ് പ്രസിഡന്റ് ജേക്കബ് ജോയ്,നിയുക്ത വൈസ് പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്

**കൊച്ചി:** ടൈ കേരളയുടെ സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ദാമോദർ അവനൂർ ചുമതലയേറ്റു.മെന്ററിംഗ്, മോണിറ്ററിംഗ്, വിദ്യാഭ്യാസം എന്നിവയിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആഗോള സംഘടനയാണ് ടൈ.ദാമോദർ അവനൂർ ലോഹശിൽപി ട്രേഡ് വെഞ്ചേഴ്സിന്റെ സി.ഇ.ഒയാണ്.ജേക്കബ് ജോയ് ആണ് പുതിയ വൈസ് പ്രസിഡന്റ്. ശ്രീ വിവേക് കൃഷ്ണ ഗോവിന്ദിനെ ടൈ കേരളയുടെ നിയുക്ത വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു.സംസ്ഥാനത്തിന്റെ ദീർഘകാല സാമ്പത്തിക വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള നടപടികൾക്കാണ് ടൈ കേരള മുൻഗണന നൽകുക. സംസ്ഥാനത്ത് നല്ല സംരംഭക ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകരെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും നയരൂപീകരണത്തിനും വിവിധ പദ്ധതികൾക്കുമായി ഒന്നിപ്പിക്കുന്നതിന് ടൈ കേരള ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പാഠ്യപദ്ധതിയുടെ ഭാഗമായി സ്കൂൾ തലത്തിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ തുടരും. കഴിഞ്ഞ വർഷം ആഗോളപിച്ച് മത്സരത്തിൽ ടൈ കേരളയുടെ മെന്റർ സ്കൂൾ ജേതാക്കളായതായി ദാമോദർ അവനൂർ പറഞ്ഞു.ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയ്ക്കായി യുവതലമുറയെ സജ്ജമാക്കുന്നതിന് ടൈ യുടെ പ്രധാന പ്രവർത്തന മേഖലയായി സ്കൂൾ, ഉന്നത വിദ്യാഭ്യാസ മേഖല എന്നിവയിലേക്ക് കൂടുതൽ പ്രവർത്തനം വ്യാപിപ്പിക്കും. ത്രിവത്സര പദ്ധതിയായി ഇത് നടപ്പാക്കാനുള്ള പ്രക്രിയയിലാണ് ടൈ കേരള.

# സമയക്രമം ഏകീകരിച്ചു; റെസ്റ്റ് ഹൗസുകളിൽ നിന്ന് നാലു മാസം കൊണ്ട് രണ്ടേകാൽ കോടി വരുമാനം

## ഒന്നരവർഷത്തിനുള്ളിൽ വരുമാനം ആറേകാൽ കോടി

**തിരുവനന്തപുരം:** റസ്റ്റ് ഹൗസുകളുടെ ചെക്ക്ഇൻ, ചെക്ക്ഔട്ട് സമയങ്ങൾ ഏകീകരിച്ചതോടെ വരുമാനത്തിൽ വൻ വർധന. സമയം ഏകീകരിച്ച ശേഷമുള്ള നാല് മാസം കൊണ്ട് രണ്ടേകാൽ കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. റൂം ബുക്കിംഗ് ഓൺലൈൻ ആക്കിയ ശേഷം ഒരു വർഷം കൊണ്ട് നാല് കോടി രൂപ വരുമാനം ലഭിച്ചിരുന്നു. അത് റസ്റ്റ് ഹൗസിന്റെ ചരിത്രത്തിൽ പുതിയൊരു അനുഭവമായിരുന്നു. അതിന് പിന്നാലെയാണ് വലിയ മുന്നേറ്റം തുടർമാസങ്ങളിൽ സാധ്യമായത്. 2023 മാർച്ച് 25 ലെ കണക്കനുസരിച്ച് ആകെ വരുമാനം ആറേകാൽ കോടി രൂപ ആയി വർധിച്ചിരിക്കുകയാണ്.തിരുവനന്തപുരത്തെ തൈക്കാട് റസ്റ്റ് ഹൗസിൽ 2022 മാർച്ചിൽ ലഭിച്ച വരുമാനം 1,93,851 രൂപയായിരുന്നെങ്കിൽ 2023 മാർച്ച് 1 മുതൽ 28 വരെ മാത്രം 3,75,176 രൂപ ലഭിച്ചു. കോഴിക്കോട് റസ്റ്റ് ഹൗസിൽ 2022 മാർച്ചിൽ ആകെ ലഭിച്ച വരുമാനം 58,526 രൂപയാണെങ്കിൽ 2023 മാർച്ച് 1 മുതൽ 28 വരെ മാത്രം 1,06,534 രൂപ ലഭിച്ചു. മൂന്നാർ റസ്റ്റ് ഹൗസിൽ 2022 മാർച്ചിൽ ആകെയുണ്ടായിരുന്ന ബുക്കിംഗ് 99 ആയിരുന്നു. 2023 മാർച്ചിൽ ഇതുവരെ അത് 311 ആയി വർധിച്ചു. വരുമാനത്തിലും ഇരട്ടിയിലധികം വർധനവുണ്ടായി.2021 നവംബർ ഒന്നിനാണ് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസ് എന്ന പേരിൽ ജനങ്ങൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവന്നതായി മന്ത്രി പി.എ മുഹമ്മദ് റിയാസ് പ്രഖ്യാപിച്ചത്. അതിന് ശേഷം റസ്റ്റ് ഹൗസുകളിലെ ബുക്കിംഗ് പടിപടിയായി ഉയർന്നു. റസ്റ്റ് ഹൗസുകൾ ജനസൗഹൃദ കേന്ദ്രങ്ങളാക്കാൻ മന്ത്രി തന്നെ നേരിട്ട് പരിശോധനയ്ക്കിറങ്ങി.സർക്കാർ മേഖലയിലുള്ള കേരളത്തിലെ ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി ശൃംഖലയാണ് പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ. മുഹമ്മദ് റിയാസ് മന്ത്രിയായി ചുമതലയേറ്റതിന് ശേഷം ജനങ്ങൾക്ക് കൂടി ഉപകാരപ്പെടുന്ന തരത്തിൽ ഫലപ്രദമായി റസ്റ്റ് ഹൗസുകളെ ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയായിരുന്നു.റസ്റ്റ് ഹൗസുകളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ നിന്നും അഭിപ്രായം സ്വീകരിച്ചിരുന്നുവെന്നും അത് പ്രകാരമുള്ള നടപടികളാണ് ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതെന്നും മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ഒരാൾ റൂം ബുക്ക് ചെയ്താൽ വന്ന് താമസിക്കുന്നതിനും വെക്കേറ്റ് ചെയ്യുന്നതിനും ഒരു ഏകീകൃത സംവിധാനം ഉണ്ടായിരുന്നില്ല. ഇത് ജനങ്ങൾ തന്നെയാണ് ശ്രദ്ധയിൽപ്പെടുത്തിയത്. പരിശോധിച്ചപ്പോൾ അടിയന്തിരമായി ഏകീകൃത സമയക്രമം കൊണ്ടുവരണമെന്ന് തീരുമാനിച്ചു. അതിൻറെ അടിസ്ഥാനത്തിലാണ് ചെക്ക്ഇൻ, ചെക്ക്ഔട്ട് സമയക്രമം നടപ്പാക്കിയത്. അതോടെ വരുമാനത്തിൽ ഇരട്ടിയോളമാണ് വർധന ഉണ്ടായിരിക്കുന്നത്. പീപ്പിൾ റസ്റ്റ് ഹൗസുകൾ ഏറ്റെടുത്ത് വിജയിപ്പിക്കുകയും പുതിയ ആശയങ്ങൾ പങ്കുവെക്കുകയും ചെയ്യുന്ന ജനങ്ങൾക്ക് നന്ദി അറിയിക്കുന്നതായി മന്ത്രി കൂട്ടിച്ചേർത്തു.




# കളമശ്ശേരി ഗവ. ഐ.ടി.ഐ നിയമനം

**കൊച്ചി:** കളമശ്ശേരി ഗവ. ഐ.ടി.ഐയിൽ പെയിന്റർ ജനറൽ, മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്റ്ററുടെ (ഗസ്റ്റ് ഇൻസ്ട്രക്റ്റർ) ഒഴിവുണ്ട്. മണിക്കൂറിന് 240 രൂപ നിരക്കിൽ പ്രതിമാസം 24000 ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഏപ്രിൽ അഞ്ചിന് രാവിലെ 11ന് അസൽ രേഖകൾ സഹിതം കളമശ്ശേരി ഐടിഐയിൽ ഹാജരാകണം. പെയിന്റർ ജനറൽ യോഗ്യത: പെയിന്റ് ടെക്നോളജിയിൽ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രി അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഫൈൻ ആർട്സ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ പെയിന്റ് ടെക്നോളജിയിൽ അംഗീകൃത മൂന്നു വർഷ ഡിപ്ളോമയും രണ്ടു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ പെയിന്റർ ജനറൽ ട്രേഡിൽ എൻ.ടി.സി/ എൻ.എ.സിയും, 3 വർഷത്തെ പ്രവൃത്തി പരിചയവും. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് യോഗ്യത: ഇലക്ട്രോണിക്സ്/ ഇലക്ട്രോണിക്സ് ആൻറ് ടെലികമ്യൂണിക്കേഷൻ / ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഇലക്ട്രോണിക്സ്/ ഇലക്ട്രോണിക്സ് ആൻറ് ടെലികമ്യൂണിക്കേഷൻ/ ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ അംഗീകൃത മൂന്നു വർഷ ഡിപ്ലോമയും, രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് ട്രേഡിൽ എൻ.ടി.സി/ എൻ.എ.സിയും, 3 വർഷത്തെ പ്രവൃത്തി പരിചയവും.

# ആസ്റ്റർ ഫാർമസിയുടെ 254 ാമത് സ്റ്റോർ കടപ്പാക്കടയിൽ



**കൊല്ലം:** ഇന്ത്യയിലുടനീളം ഫാർമസി ശൃംഖലയുള്ള ആസ്റ്റർ ഫാർമസിയുടെ 254 ാമത് സ്റ്റോർ ഇരവിപുരം എം.എൽ.എ എം.നൗഷാദ് ഉദ്ഘാടനം ചെയ്തു. ആസ്റ്റർ ഫാർമസി കേരള ഹെഡ് ഹാഷിം ഹബീബുള്ള, ഐ.എൻ.ടി.യു.സി ജില്ലാ സെക്രട്ടറി കുരീപ്പുഴ യഹിയ, ആസ്റ്റർ ലാബ് ഫ്രാഞ്ചൈസി ഓണർ ഷാബിൻ,ഡോക്ടർ കൃഷ്ണദാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ആസ്റ്റർ ഡി എം ഹെൽത്ത് കെയർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ ചടങ്ങിനു ആശംസകൾ അർപ്പിച്ചു. വരും നാളുകളിൽ ആസ്റ്റർ ഗ്രൂപ്പിന്റെ മറ്റു സേവനങ്ങളായ ആസ്റ്റർ ലാബ്, ആസ്റ്റർ ക്ലിനിക് ആസ്റ്റർ ഫാർമസി എന്നിവയുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് ആസ്റ്റർ ഗ്രൂപ്പിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടി ചേർത്തു.ആരോഗ്യ രംഗത്ത് 36 വർഷത്തിന്റെ സേവന പാരമ്പര്യമുള്ള ആസ്റ്റർ ഗ്രൂപ്പ് മികച്ച സേവനവും, ഗുണമേന്മ ഉള്ള ഉൽപന്നങ്ങളും കൊല്ലം നിവാസികൾക്കായി നൽകുമെന്ന് ചടങ്ങിൽ സംസാരിച്ച ആസ്റ്റർ ഫാർമസി കേരള ഹെഡ് ഹാഷിം ഹബീബുള്ള പറഞ്ഞു. ആസ്റ്റർ ഫാർമസിയുടെ 254ആമത് സ്റ്റോർ ഉദ്ഘാടനത്തോനുബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും ലോകോത്തര നിലവാരമുള്ള ആരോഗ്യ ഉൽപന്നങ്ങളുടെ സൗജന്യ ഹോം ഡെലിവറി സേവനവും കടപ്പാക്കട പ്രതിഭ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ആസ്റ്റർ ഫാർമസിയിൽ ലഭ്യമാണ്

